ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ 496 വിവിധ തരം തോക്കുകൾ വനം വകുപ്പിൽ ലഭ്യമാണ്. ഈ വർഷവും പുതിയതായി തോക്കുകളും വെടിയുണ്ടകളും വാങ്ങുവാൻ നടപടി എടുത്തിട്ടുണ്ട്. നിലവിൽ എല്ലാ സ്റ്റേഷനുകളിലേയ്ക്കും വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. പുതിയവ അനുവദിക്കാനും, കേടുവന്ന വാഹനങ്ങൾ മാറ്റാനും നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശ പ്രകാരം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവൂ.

(ഡി) വനമേഖലയിലുള്ള വ്യജവാറ്റ് തടയാൻ നിലവിലുള്ള അധികാരങ്ങൾ മതിയാവുന്നതാണ്. കാട്ടുതീക്ക് കാരണങ്ങളാകുന്ന നടപടികൾക്കെതിരെ കേസുകൾ എടുക്കുവാൻ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്.

ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന വാച്ചർമാർക്ക് ശമ്പളം

289 (3923)ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) NMPB സ്കീമിൽ എത്ര രൂപയാണ് ഈ വർഷം വനം വകുപ്പിന് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുക വിവിധ വനം ഡിവിഷനുകളിലേക്ക് നൽകിയിട്ടുണ്ടോ ;

(സി) വീതിച്ചു നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ദിവസവേതനാടിസ്ഥാനത്തിൽ ഈ സ്കീമിൽ ജോലി നോക്കുന്ന വാച്ചർമാർക്ക് ശമ്പളം കൊടുക്കുവാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) വനം വകുപ്പിലെ വനവികാസ ഏജൻസികൾവഴി നടപ്പാക്കുന്നതിനായി ദേശീയ ഔഷധ സസ്യബോർഡ് 2014-15 വർഷത്തേയ്ക്ക് 214 ലക്ഷം രൂപയുടെ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ഇത് 8 വനവികാസ ഏജൻസികളിൽ ചെറുകിട വനവിഭവങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ വിപുലീകരിക്കുന്നതിനായിട്ടാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 107 ലക്ഷം രൂപ ഇതിനകം ടി വനവികാസ ഏജൻസികൾക്ക് നേരിട്ട് ലഭിച്ചിട്ടുണ്ട്. മറ്റ് NMPB സ്കീമുകളിൽ ഈ വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ദേശീയ ഔഷധ സസ്യ ബോർഡ് 2014-15 വർഷത്തേയ്ക്ക് 214 ലക്ഷം രൂപയുടെ പദ്ധതികൾ അനുവദിച്ചതിൽ 107 ലക്ഷം രൂപ ആദ്യ ഗഡുവായി അനുവദിക്കുകയും ടി ഇക പദ്ധതി നടപ്പാക്കുന്ന 8 വനവികാസ ഏജൻസികൾക്ക് ദേശീയ ഔഷധ സസ്യബോർഡ് നേരിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഈ വർഷം വനം വകുപ്പിന് NMPB അനുവദിച്ചതും വനവികാസ ഏജൻസികൾ വഴി നടപ്പിലാക്കുന്നതുമായ പദ്ധതിയിൽ വാച്ചർമാർ ഉൾപ്പെട്ടിട്ടില്ല. 'Cultivation of High Demanding Medicinal Tree Species in Kerala' എന്ന NMPB സ്കീമിൽ പുനലൂർ ഡിവിഷനിൽ വാച്ചർമാർക്ക് ശമ്പളം കൊടുക്കുവാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ ആനക്കൊമ്പ് മ്യൂസിയം

290 (3924) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വന്യജീവി വകുപ്പിന്റെ സംരക്ഷണത്തിൽ എത്ര ആനക്കൊമ്പുകൾ സൂക്ഷിക്കുന്നുണ്ട് ; അവ എവിടെയെല്ലാമാണ് സൂക്ഷിക്കുന്നത് ;

(ബി) ഫോറസ്റ്റ് സ്റ്റേഷനുകളിൽ ആനക്കൊമ്പ് സൂക്ഷിക്കുന്നുണ്ടോ; അവിടെ സ്ട്രോങ്ങ് റൂം അടക്കമുള്ള സംരക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ ആന പ്രേമികളെയും, ആഭ്യന്തര വിദേശ ടൂറിസ്റ്റുകളെയും ഒരു പോലെ ആകർഷിക്കുന്ന തരത്തിൽ ആനക്കൊമ്പ് മ്യൂസിയം, തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനം വന്യജീവി വകുപ്പിൽ 2013 സെപ്റ്റംബർ മാസത്തെ കണക്കനുസരിച്ച് 8006.482 കിലോഗ്രാം ആനക്കൊമ്പ് സ്റ്റോക്കിലുണ്ട്. ഇവ വനം വകുപ്പാസ്ഥാനത്തെ സ്ട്രോങ്ങ് റൂമിലും വിവിധ ജില്ലാ സബ്ഡിഷനുകളിലും സർക്കിൾ ആസ്ഥാനങ്ങളിലും ഡിവിഷൻ ആസ്ഥാനങ്ങളിലും റെയ്ഞ്ചുകളിലും ഫോറസ്റ്റ് സ്റ്റേഷനുകളിലും സൂക്ഷിച്ചുവരുന്നു. വനംവകുപ്പാസ്ഥാനത്തും ഓരോ സർക്കിൾ ചുമതലയിലും സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly